## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 269** **23-01-2025 - ൽ മറുപടിയ്ക്ക്**

## അനർഹമായി കൈവശം വച്ച മുൻഗണനാ റേഷൻ കാർഡുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | 2021 ജനുവരി മുതൽ 2025 ജനുവരി വരെ സംസ്ഥാനത്ത് എത്ര വീതം മഞ്ഞ, പിങ്ക് റേഷൻ കാർഡുകളാണ് അനർഹരുടെ കൈയിൽ ഉണ്ടെന്ന് കണ്ടെത്തിയത്; ഇവയിൽ എത്ര വീതം കാർഡുകളാണ് മുൻഗണന ഇതര വിഭാഗത്തിലെ നീല, വെള്ള കാർഡുകളാക്കി മാറ്റിയത്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് മഞ്ഞ, പിങ്ക് വിഭാഗത്തിൽ 334552 എണ്ണം റേഷൻ കാർഡുകളാണ് അനർഹരുടെ കൈയിൽ ഉണ്ടെന്ന് കണ്ടെത്തിയത്. ഇവയിൽ AAY വിഭാഗത്തിൽ 60503 എണ്ണം കാർഡുകളും PHH വിഭാഗത്തിൽ 274049 കാർഡുകളും മുൻഗണനേതര വിഭാഗത്തിൽ മാറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | മുൻഗണനാ കാർഡുകൾ അനർഹമാണെന്ന് കണ്ടെത്തിയതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഈ കാരണങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന ഇതര വിഭാഗത്തിലേക്ക് മാറ്റിയ മഞ്ഞ, പിങ്ക് കാർഡ് ഉടമകളുടെയും ഇവയിലെ അംഗങ്ങളുടെയും എണ്ണം വ്യക്തമാക്കാമോ; | (ബി) | 18.09.2017-ലെ സർക്കാർ ഉത്തരവ് (സാധാ) 320/2017/ഭ.പൊ.വി.വ പ്രകാരമാണ് മുൻഗണനാ വിഭാഗത്തിലേക്ക് ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത നിബന്ധനകൾ പിന്നീട് 2018 ലെ സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടങ്ങളുടെ ഭാഗമാക്കിയിട്ടുണ്ട്. ഇപ്രകാരം NFSA സ്റ്റേറ്റ് റൂളിൽ പരമാർശിച്ചിട്ടുള്ള ഒഴിവാക്കൽ ഘടകങ്ങൾ ഉൾപ്പെട്ടുവരുന്ന കുടുംബങ്ങളെയാണ് മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കുന്നത് ഇപ്രകാരം അനർഹതാ മാനദണ്ഡങ്ങൾ ഉൾപ്പെട്ടതായി കണ്ടെത്തിയ 60503 AAY കാർഡുകളും 274049 PHH കാർഡുകളും മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. (NPS നീല, NPNS വെള്ള)<br><br><u>ഒഴിവാക്കൽ മാനദണ്ഡങ്ങൾ</u><br><br>a) സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ (പാർട്ട് ടൈം ജീവനക്കാർ, താൽക്കാലിക ജീവനക്കാർ, ക്ലാസ് 4 |

| | | | |
|---|---|---|---|
| | | | തസ്തികയിൽ പെൻഷനായവർ, 5,000/- രൂപയിൽ താഴെ പെൻഷൻ വാങ്ങുന്നവർ 10,000/- രൂപയിൽ താഴെ സ്വാതന്ത്ര്യ സമര പെൻഷൻ വാങ്ങുന്നവർ ഒഴികെ)<br><br>b) ആദായ നികുതി ഒടുക്കുന്നവർ,<br><br>c) പ്രതിമാസ വരുമാനം 25000/- രൂപയ്ക്ക് മുകളിലുള്ളവർ,<br><br>d) സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ (പട്ടിക വർഗ്ഗക്കാർ ഒഴികെ)<br><br>e) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള ഫ്ലാറ്റോ വീടോ ഉള്ളവർ.<br><br>f) നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ (ഏക ഉപജീവന മാർഗ്ഗമായ ടാക്സി ഒഴികെ)<br><br>g) കുടുംബത്തിൽ ആർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ സ്വകാര്യ സ്ഥാപന ജോലിയിൽ നിന്നോ 25,000/- രൂപയിൽ അധികം പ്രതിമാസ വരുമാനം ഉള്ളവർ. |
| (സി) | സർക്കാർ, അർദ്ധ സർക്കാർ, സഹകരണ മേഖലകളിൽ ജോലി ലഭിച്ചിട്ടും മഞ്ഞ, പിങ്ക് റേഷൻ കാർഡ് അംഗങ്ങളായി തുടരുന്ന എത്ര പേരെയാണ് 2021 ജനുവരി മുതൽ 2025 ജനുവരി വരെ കണ്ടെത്തിയത്; എന്ത് നടപടികളാണ് ഇവർക്ക് എതിരെ സ്വീകരിച്ചത്; ഇതിൽ എത്ര പേർ സിവിൽ സപ്ലൈസ് വകുപ്പിലെ ജീവനക്കാരാണ്; അനർഹമായി മുൻഗണനാ റേഷൻ കാർഡ് കൈവശം വച്ച സർക്കാർ ജീവനക്കാർക്ക് എതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | സർക്കാർ, അർദ്ധ സർക്കാർ, സഹകരണ മേഖല ജീവനക്കാർ ഉൾപ്പെടെ അനധികൃതമായി മഞ്ഞ, പിങ്ക് റേഷൻ കാർഡ് കളിൽ അംഗങ്ങളായിരുന്ന 8335 പേരെയാണ് 2021 ജനുവരി മുതൽ 2025 ജനുവരി വരെ കണ്ടെത്തിയിട്ടുള്ളത്. ഇവരിൽ നിന്നും അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ കമ്പോള വില ഈടാക്കിയിട്ടുള്ളതാണ്. പൊതുവിതരണ വകുപ്പ് ജീവനക്കാരനായ ഒരാളെ മുൻഗണനാ കാർഡ് കൈവശം വച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 31/10/2024 വരെ, അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരുന്നവർ - അവ സർക്കാർ നിർദ്ദേശപ്രകാരം സ്വമേധയാ സറണ്ടർ ചെയ്തതും, ഉദ്യോഗസ്ഥരുടെ പരിശോധന വഴി പൊതു വിഭാഗത്തിലേയ്ക്ക് മാറ്റിയതുമായ കാർഡുകളെ സംബന്ധിച്ച്.

| ക്രമ നം. | ജില്ല | സ്വമേധയാ സറണ്ടർ ചെയ്ത കാർഡുകളുടെ എണ്ണം | | പരിശോധനയിലൂടെ കണ്ടെത്തിയ കാർഡുകളുടെ എണ്ണം | | പരാതിയുടെ അടിസ്ഥാനത്തിൽ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയ കാർഡുകളുടെ എണ്ണം | | ആകെ | | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | | AAY | PHH | AAY | PHH | AAY | PHH | AAY | PHH | AAY+PHH |
| 1 | തിരുവനന്തപുരം | 1467 | 6199 | 3159 | 7694 | 673 | 1568 | 5299 | 15461 | 20760 |
| 2 | കൊല്ലം | 1318 | 6662 | 1033 | 3848 | 106 | 535 | 2457 | 11045 | 13502 |
| 3 | ആലപ്പുഴ | 1781 | 6076 | 1148 | 3113 | 346 | 895 | 3275 | 10084 | 13359 |
| 4 | പത്തനംതിട്ട | 982 | 4029 | 489 | 1691 | 133 | 331 | 1604 | 6051 | 7655 |
| 5 | കോട്ടയം | 982 | 22966 | 5829 | 16346 | 1378 | 3709 | 8189 | 43021 | 51210 |
| 6 | ഇടുക്കി | 439 | 1695 | 765 | 3504 | 69 | 260 | 1273 | 5459 | 6732 |
| 7 | എറണാകുളം | 1260 | 8256 | 930 | 5250 | 324 | 1912 | 2514 | 15418 | 17932 |
| 8 | തൃശ്ശൂർ | 1297 | 7452 | 867 | 4406 | 289 | 1735 | 2453 | 13593 | 16046 |
| 9 | പാലക്കാട് | 1234 | 11152 | 1118 | 5392 | 203 | 1316 | 2555 | 17860 | 20415 |
| 10 | കോഴിക്കോട് | 1444 | 9452 | 674 | 2715 | 420 | 3598 | 2538 | 15765 | 18303 |
| 11 | മലപ്പുറം | 2412 | 22047 | 932 | 7176 | 217 | 2084 | 3561 | 31307 | 34868 |
| 12 | വയനാട് | 1460 | 2298 | 1231 | 4758 | 322 | 1197 | 3013 | 8253 | 11266 |
| 13 | കണ്ണൂർ | 1191 | 7276 | 553 | 2437 | 284 | 1476 | 2028 | 11189 | 13217 |
| 14 | കാസർഗോഡ് | 13012 | 55630 | 5659 | 11258 | 1073 | 2655 | 19744 | 69543 | 89287 |
| **ആകെ** | | **30279** | **171190** | **24387** | **79588** | **5837** | **23271** | **60503** | **274049** | **334552** |